# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 629

02-12-2014-ൽ മറുപടിക്ക്

## അതിവേഗ റെയിൽവേ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.ബേബി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം-മംഗലാപുരം അതി വേഗ റയിൽവേ പദ്ധതി ഉപേക്ഷിച്ചി ട്ടുണ്ടോ ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദ മാക്കാമോ ; | (എ) ഇല്ല. 23-04-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആറ് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കു ന്നതിന് തീരുമാനമായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പദ്ധതി യുടെ സർവ്വേ നടപടികൾ DMRC നടത്തി വരുന്നു. |
| (ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടായി രുന്നു ; ജനരോഷം ഉണ്ടായ ഏതെല്ലാം സ്ഥലത്തിലെ അലൈൻമെന്റിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) പദ്ധതിയ്ക്ക് വേണ്ടി സർവ്വേ ജോലികൾ ഇതിനകം 60% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നു. അലൈൻമെന്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക സർവ്വേ നടപടികൾ മാത്രമാണ് ഇപ്പോൾ നടന്നു വരുന്നത്. |

| | | | |
|---|---|---|---|
| (സി | പദ്ധതിക്ക് വേണ്ടി നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് ; | (സി | ഈ പദ്ധതിയ്ക്ക് നാളിതുവരെ 21.30 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ അവശേഷിക്കുന്ന സർവ്വേ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പദ്ധതിയ്ക്കു വേണ്ടി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (ഡി | ഉണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-04-2014-ൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ള ശേഷിച്ച സർവ്വേ നടപടികൾ DMRC നടത്തിവരുന്നു. |
| (ഇ) | അതിവേഗ റയിൽവേ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര കോടി യാണെന്ന് കണക്കാക്കിയിട്ടുണ്ടോ ? | (ഇ) | 2011-ലെ കണക്ക് പ്രകാരം തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റയിൽവേ പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ